# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 3568

26-06-2012-ൽ മറുപടിക്ക്

### കെ. എസ്.ഇ.ബി. യിൽ നിന്നും സർക്കാരിന് ലഭിക്കേണ്ട കുടിശ്ശികത്തുക

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.. സി. ദിവാകരൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ..ജി.എസ്. ജയലാൽ<br>ശ്രീ.. കെ. രാജു | | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) വൈദ്യുതി തീരുവ, സംസ്ഥാന നികുതി, മറ്റിനം നികുതി, സർചാർജ് എന്നീ ഇനങ്ങളിലായി വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ പിരിച്ചെടുത്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) | വൈദ്യുതി തീരുവ, സംസ്ഥാന നികുതി, മറ്റിന നികുതി, സർച്ചാർജ്ജ് എന്നീ ഇനങ്ങളിലായി വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും, ആഡിറ്റ് പൂർത്തീകരിച്ച കഴിഞ്ഞ പത്ത് വർഷത്തെ കണക്ക പ്രകാരം 1908.08 കോടി രൂപയാണ് പിരിച്ചെടുത്തത്. |
| (ബി) പ്രസ്തുത തുകയിൽ സർക്കാരിന് ലഭിക്കേണ്ട തുക എത്രയാണ്; ഇതിൽ എന്തു തുക ലഭിച്ചു എന്നു വ്യക്തമാക്കാമോ;<br>(സി) പലിശയും കുടിശ്ശികയുമടക്കം ഇനി എന്ത് തുക ബോർഡ് സർക്കാരിലേയ്ക്ക് അടയ്ക്കാനുണ്ട്<br>(ഡി) പ്രസ്തുത തുക ഈടാക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | (ബി), & (സി) & (ഡി) | പ്രസ്തുത തുകയിൽ ബോർഡിന് ലഭിക്കേണ്ട കമ്മീഷൻ തുകയായ 19.03 കോടി രൂപ കഴിച്ച് ബാക്കി 1889.05 കോടി രൂപയാണ് സർക്കാരിലേക്ക് അടയ്ക്കേണ്ടത്. ബോർഡിന് വിവിധയിനങ്ങളിൽ സർക്കാർ ഭീമമായ തുകകൾ നൽകേണ്ടതായതിനാൽ ഡ്യൂട്ടി യിനത്തിൽ പിരിച്ച തുക ബോർഡ് കൈവശം വയ്ക്കുകയാണ് ചെയ്തിരുന്നത്. ഇതിൽ 386.35 കോടി രൂപ കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ബോർഡിനു നൽകേണ്ട തുകയിൽ തട്ടിക്കിഴിക്കുകയുണ്ടായി. 2007– 2008 വർഷം വരെ ബോർഡും സർക്കാരും തമ്മിൽ വിവിധയിനങ്ങളിൽ നൽകേണ്ട തുകകൾ |

തട്ടിക്കിഴിച്ചതിനു ശേഷം ബോർഡിന് 1600 കോടി രൂപയോളം സർക്കാർ നൽകാനുണ്ട്. ടി തുക വരും വർഷങ്ങളിലെ ഡ്യൂട്ടിയിനത്തിൽ അഡ്ജസ്റ്റ് ചെയ്യാനുള്ള ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.